**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1373 | 04-02-2019 -ൽ മറുപടിക്ക്

**പ്രളയത്തിൽ മരിച്ചവരുടെ ആശ്രിതർക്ക് സാമ്പത്തിക സഹായം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.വി.കെ.ഇബ്രാഹീം കുഞ്ഞ്** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | സംസ്ഥാനത്തുണ്ടായ പ്രളയത്തിൽ മരിച്ചവരുടെ ആശ്രിതർക്ക് സർക്കാർ സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ; എങ്കിൽ എന്തു തുക വീതമാണെന്ന് വെളിപ്പെടുത്തുമോ; | എ) & ബി) | ഉണ്ട്. പ്രളയമുൾപ്പെടെയുള്ള അംഗീകൃത പ്രകൃതി ദുരന്തങ്ങളിൽപ്പെട്ട് മരണപ്പെട്ട ആളുകളുടെ ആശ്രിതർക്ക് ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം 4 ലക്ഷം രൂപയുടെ ദുരിതാശ്വാസ സഹായത്തിന് അർഹതയുണ്ട്. 28.01.2019 വരെയുള്ള വിവരമനുസരിച്ച് 18.566 കോടി രൂപ പ്രളയത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് അനുവദിച്ചിട്ടുണ്ട്. കളമശ്ശേരി നിയോജക മണ്ഡലത്തിൽ മരണപ്പെട്ട മൂന്ന് പേരുടെ ആശ്രിതർക്ക് 4 ലക്ഷം രൂപ വീതം നൽകിയിട്ടുണ്ട്. |
| ബി) | ഈ ഇനത്തിൽ കളമശ്ശേരി നിയോജകമണ്ഡലത്തിൽ എത്രപേർക്ക് സാമ്പത്തിക സഹായം നൽകിയെന്ന് അറിയിക്കുമോ; | | |
| സി) | പ്രളയത്തെത്തുടർന്ന് വീടുകൾ വൃത്തിയാക്കുന്നതിനിടയിൽ ഹൃദയസ്തംഭനം മൂലം ആരെങ്കിലും മരണപ്പെട്ടതായി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; | സി) & ഡി) | ഉണ്ട്. ദേശീയ ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം അംഗീകൃത ദുരന്തങ്ങളിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് മാത്രമാണ് ആശ്വാസ ധനസഹായം നൽകുവാൻ വ്യവസ്ഥയുള്ളത്. |
| ഡി) | എങ്കിൽ അവരുടെ ആശ്രിതർക്ക് സാമ്പത്തിക സഹായം നൽകുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ